7 (*127) റവന്യൂ കാർഡ് വിതരണം

<u>ശ്രീ. പി.കെ. കുമാരൻ</u> :
<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> :
<u>ശ്രീ. പി. വിശ്വൻ</u> :
<u>ശ്രീ. വർഗ്ഗീസ് വൈദ്യൻ</u> :
<u>ശ്രീ. എൻ.ആർ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) റവന്യൂ കാർഡിന്റെ പ്രാധാന്യം വ്യക്തമാക്കുമോ;

(സി) റവന്യൂ കാർഡ് ഒരു ആധികാരിക രേഖയാണെന്നുള്ള കാര്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ചില പ്രദേശങ്ങളിൽ റവന്യൂ കാർഡിനുള്ള അപേക്ഷ ഫാറത്തിന്റെ കുറവും, ഓഫീസുകളിൽ ജീവനക്കാരുടെ സഹകരണക്കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ലഭിച്ചിട്ടുള്ള അപേക്ഷകൾ റവന്യൂകാർഡ് വിതരണത്തിന് മുൻപ് പരിശോധിക്കുന്നതിന്റെ ഭാഗമായി വീടുകൾ തോറുമുള്ള അന്വേഷണം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; റവന്യൂകാർഡിന്റെ വിതരണരീതി വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.ഇ. ഇസ്മയിൽ)</u> :

(എ) റവന്യൂ കാർഡ് വിതരണവുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, തഹസീൽദാർമാർ, അഡീഷണൽ തഹസീൽദാർമാർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി കാർഡുവിതരണത്തിന്റെ ഓരോ ഘട്ടങ്ങളെക്കുറിച്ചും വ്യക്തമായ തീരുമാനങ്ങളെടുക്കുകയും അതനുസരിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 14-6-2000-ൽ ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടി നടപടികളുടെ പുരോഗതി വിലയിരുത്തി. അപേക്ഷ സ്വീകരിക്കുന്ന തീയതി ജൂലായ് 31 വരെ നീട്ടിയിട്ടുണ്ട്. ഡിസംബർ 31-നകം എല്ലാ കുടുംബങ്ങൾക്കും റവന്യൂ കാർഡ് വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സർക്കാർ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ, സർക്കാരിന്റെ മറ്റു സ്ഥാപനങ്ങൾ എന്നിവ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി കുടുംബത്തിന്റെ സാമാന്യമായ എല്ലാ വിശദാംശങ്ങളും അടങ്ങുന്നതും ഓരോ കുടുംബാംഗത്തിനും ഉപയോഗിക്കാൻ സാധിക്കുന്നതുമായ ഒരു ആധികാരിക രേഖയാണ് റവന്യൂകാർഡ്. അടിക്കടി ആവശ്യമായി വരുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടി ഓഫീസുകളിൽ കയറിയിറങ്ങുക എന്ന ബുദ്ധിമുട്ട് ഇതു മൂലം ഒഴിവാക്കാൻ കഴിയും.

(സി) റവന്യൂ കാർഡിന്റെ ആവശ്യകതയെ സംബന്ധിച്ച് വ്യാപകമായ പ്രചാരണങ്ങളും ബോധവൽക്കരണവും പത്രങ്ങൾ, റേഡിയോ, ടി.വി, തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെയും നോട്ടീസുകൾ, പോസ്റ്ററുകൾ തുടങ്ങിയവ വഴിയും നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അപേക്ഷാ ഫാറങ്ങൾ, സർക്കാർ പ്രസ് വഴി ഒന്നായി അച്ചടിക്കാൻ കഴിയാതെ വന്നതിനാൽ, പ്രാദേശിക തലത്തിൽ അച്ചടിക്കേണ്ടി വന്നപ്പോൾ ആദ്യം കുറച്ചു ദിവസം അപേക്ഷാഫാറത്തിന് ദൗർലഭ്യം അനുഭവപ്പെടുകയുണ്ടായി. എന്നാൽ ഇപ്പോൾ അത്തരം സാഹചര്യം നിലവിലില്ല. ജീവനക്കാരുടെ സഹകരണക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള പരാതികൾ ഉണ്ടായാൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) റവന്യൂ കാർഡിനുള്ള അപേക്ഷകളിൽമേൽ വില്ലേജോഫീസർ മറ്റപേക്ഷകളിൻമേൽ നടത്തുന്ന തരത്തിലുള്ള അന്വേഷണം നടത്തേണ്ടതുണ്ട്. അപ്രകാരം അന്വേഷണം നടത്തുമ്പോൾ ചിലപ്പോൾ വീടുകളിൽ പോയും അന്വേഷണം നടത്തുന്നതാണ്. അപേക്ഷകളിൽമേൽ വിശദമായ അന്വേഷണം നടത്തി, വിശദ വിവരങ്ങൾ ഉൾപ്പെടുത്തി റവന്യൂ കാർഡ് തയ്യാറാക്കി അതാതു വില്ലേജോഫീസുകൾ വഴി വിതരണം ചെയ്യും.

8 (*128) "ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള കേന്ദ്ര സഹായം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷമുണ്ടായ പ്രകൃതിക്ഷോഭത്തിലും വെള്ളപ്പൊക്കത്തിലും എന്തെല്ലാം നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ജീവഹാനി ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടിട്ടുള്ളവർക്ക് പുതിയ വീട് നിർമ്മിക്കുന്നതിനോ അറ്റകുറ്റപ്പണികൾക്കായോ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പ്രകൃതിക്ഷോഭംമൂലം എന്ത് തുകയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് കാലവർഷക്കെടുതികൾ നേരിടുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കാലവർഷക്കെടുതികൾമൂലം ഓരോ ജില്ലയിലും എന്തൊക്കെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) കേന്ദ്ര സർക്കാരിൽനിന്നും ദുരിതാശ്വാസനിധിയിലേക്ക് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുന്നതിലേയ്ക്കായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 11-1-2000-ൽ ആരംഭിച്ച് 31-5-2000-ൽ അവസാനിച്ച വേനൽമഴക്കാലത്ത് ഉണ്ടായ പ്രകൃതിക്ഷോഭംമൂലം 36 പേർക്ക് ജീവഹാനി സംഭവിച്ചു. 23 വീടുകൾ പൂർണ്ണമായും 469 വീടുകൾ ഭാഗികമായും തകർന്നു. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly